I ഇ.ബി. XI-കേരള നിയമസഭ/V7

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### അടിയന്തിര പ്രമേയം

#### പാലക്കാട് ജില്ലയിൽ പെരുവെമ്പ് പഞ്ചായത്തിലെ വിഷമദ്യ ദുരന്തം

**മി. സ്പീക്കർ**: വിഷമദ്യം കഴിച്ച് പാലക്കാട് ജില്ലയിലെ പെരുവെമ്പ് പേറാട് ലക്ഷംവീട് കോളനിയിലെ വാസു, രാജൻ, വിജയൻ, പൊന്മല, മണി എന്നീ അഞ്ച് യുവാക്കളും ഒരു യുവതിയും ഉൾപ്പെടെ ആറുപേർ മരണമടയുകയും നിരവധിപേർ ആശുപത്രിയിലാകുകയും ചെയ്തിരിക്കുന്നു എന്നും വിഷമദ്യവില്പന വ്യാപകമായതിനെത്തുടർന്നാണ് ഇത്തരം ഒരു ദുരന്തം ഉണ്ടായിരിക്കുന്നത്. അത്യന്തം ഗുരുതരമായ ഈ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, കെ.പി. രാജേന്ദ്രൻ, എ.സി. ഷണ്മുഖദാസ്, വി.സി. കബീർ, സി.കെ.നാണു, ഡോ:കെ.സി ജോസഫ് എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്.

**ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ ശങ്കരനാരായണൻ)** പാലക്കാട് പുതുനഗരം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പെരുവെമ്പ് പേറാട് ലക്ഷംവീട് കോളനിയിലെ പതിനൊന്നോളം പേർ വിഷക്കള്ള് കുടിച്ചതിനെത്തുടർന്ന് 12-2-2003-ന് രാത്രി തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിലാകുകയും അതിൽ അഞ്ചുപേർ മരണമടയുകയും ചെയ്തു. പേറാട് ലക്ഷംവീട് കോളനിക്കടുത്തുള്ള കണ്ണദാസ് എന്ന് അറിയപ്പെടുന്ന ഉണ്ണിക്കണ്ണൻ എന്ന ആളിന്റെ തെങ്ങിൻതോപ്പിൽ

നിന്ന് ഇന്നലെ രാത്രി കള്ള് കൊണ്ടുവന്ന് കഴിച്ചവർക്കാണ് അപകടം സംഭവിച്ചത്. ഇന്നലെ ലക്ഷംവീട് കോളനിയിൽ ഒരു വിവാഹത്തിൽ പങ്കെടുക്കാൻ വന്ന ആളുകളിൽ ചിലരാണ് തെങ്ങിൻതോപ്പിൽനിന്നും കള്ള് കൊണ്ടുവന്ന് കുടിച്ചത്. കള്ള് മോഷണം തടയുന്നതിന് കള്ളിൽ വിഷം കലർത്തിയിരുന്നതായി സംശയിക്കപ്പെടുന്നു. പേറാട് കോളനിയിലെ വിജയൻ. രാജൻ, പൊന്മല, മണി , വാസു എന്നിവരാണ് മരിച്ചത്. ഒരു സ്ത്രീയും കുട്ടിയുമടക്കം ആറുപേർ ചികിത്സയിലാണ് . പുതുനഗരം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ നടപടികൾ എടുത്തിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ടും വിസറ പരിശോധനാഫലവും ലഭ്യമായാലേ മരണകാരണം വ്യക്തമാകൂ.

<u>**ശ്രീ. വി. ചെന്താമരാക്ഷൻ:**</u> പാലക്കാട് ജില്ലയിലെ പെരുവെമ്പ് പേറാട് ലക്ഷംവീട് കോളനിയിൽ വിഷക്കള്ള് കുടിച്ച് ഒരു സ്ത്രീ അടക്കം ആറു പേർ മരിച്ചു. മൂന്നു വയസ്സായ ഒരു കുട്ടിയടക്കം അഞ്ചു പേർ ഗുരുതരാവസ്ഥയിൽ തൃശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിലാണ്. പാലക്കാട് ജില്ലയിൽ അനധികൃത മദ്യവിൽപ്പന വ്യാപകമായിട്ട് നടക്കുന്നുണ്ട്. ഈ സ്ഥിതി തുടർന്നാൽ കേരളം ഒരു വിഷമദ്യ സംസ്ഥാനമായി മാറും. ഇത് തടയുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. കേരളത്തിലെ കള്ളുഷാപ്പുകളിൽക്കൂടിയുള്ള വ്യാജ മദ്യവിൽപ്പന വർദ്ധിച്ചുവരുന്നു. ആറുപേരുടെ മരണത്തിനിടയാക്കിയ ഈ സംഭവത്തെ ഗവൺമെന്റ് ലാഘവബുദ്ധിയോടുകൂടി കാണാതെ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ഗുരുതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ.കെ.ശങ്കരനാരായണൻ):</u>** പാലക്കാട് ജില്ലയിൽ നടന്ന വളരെ ദാരുണമായ ഈ സംഭവത്തിൽ ഗവൺമെന്റിന് വേദനയുണ്ട്. കേരളത്തിൽ മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിലും ആവശ്യത്തിനനുസരിച്ച് മദ്യം കിട്ടാതെ വരുന്ന അവസരത്തിൽ ആളുകൾ എവിടെനിന്നെങ്കിലും മദ്യം വാങ്ങിക്കൊണ്ടുവന്നു കഴിക്കുന്ന സ്ഥിതി യുണ്ട്. പാലക്കാട് ജില്ലയിൽ ഉണ്ടായത് ഒരു വ്യത്യസ്ത സംഭവമാണ്. ഈ സംഭവത്തെക്കുറിച്ച് സമഗ്രമായി അന്വേഷിക്കുന്നതിന് പോലീസ്-എക്സൈസ് ഡിപ്പാർട്ടുമെന്റുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും പൊതുജനങ്ങളും കൂട്ടായി പ്രവർത്തിക്കുകയാണെങ്കിൽ വ്യാജമദ്യം ഒരു പരിധിവരെ തടയാൻ സാധിക്കും.

വ്യാജമദ്യം വില്പന നടത്തുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരുവിധ പിന്തുണയും നൽകുന്നതല്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി.എസ്. അച്ചുതാനന്ദൻ, കെ.പി. രാജേന്ദ്രൻ, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. കെ. സി. ജോസഫ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭ വിട്ട് പുറത്തുപോയി. അൽപ്പസമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.)

<u>തിരുത്ത്</u>

2002 ജൂൺ 13-ാം തീയതിയിലെ 45-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ഡോ. എം.എ. കുട്ടപ്പൻ) സഭയുടെ മേശപ്പുറത്തുവച്ചു.

<u>ശ്രദ്ധക്ഷണിക്കൽ</u>

(1) <u>ഗൾഫ് നാടുകളിൽ നിന്നും തിരികെ വരുന്ന കേരളീയരുടെ പുനരധിവാസത്തിന് സമഗ്ര പദ്ധതി</u>

**<u>ശ്രീ. ബിനോയ് വിശ്വം</u>** : ഗൾഫ് രാജ്യങ്ങളിൽ യുദ്ധഭീഷണി നിലനിൽക്കുന്നതിനാൽ ഇരുപത്തി അയ്യായിരത്തോളം കേരളീയർ ഉടൻ തിരിച്ചു വരാനിടയാകും. ഇതിൽ അധികവും പത്താം ക്ലാസ്സ് പാസ്സാകാത്തവരാണെങ്കിലും സ്കിൽഡ് വർക്കേഴ്സാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ ദശാബ്ദങ്ങളായി കാത്തുസൂക്ഷിച്ച ഇവരുടെ തിരിച്ചുവരവ് കുടുംബാംഗങ്ങൾപോലും വളരെ ദുഃഖത്തോടെയാണ് വീക്ഷിക്കുന്നത്. ഇവരുടെ പുനരധിവാസത്തിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. ഇവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പദ്ധതികൾ തയ്യാറാക്കണം. പ്രവാസി വകുപ്പിൽ നിന്നും അടിയന്തിര സഹായം ലഭ്യമാക്കുകയും ഉല്പാദന മേഖല ശക്തിപ്പെടുത്തുകയും വേണം. ഈ വൈകിയ വേളയിലെങ്കിലും സർക്കാർ ഈ പ്രശ്നത്തിന്റെ തീവ്രതയും ആഴവും മനസ്സിലാക്കി നടപടികൾ സ്വീകരിക്കണം.

**ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം.ഹസ്സൻ):** ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവമുളളതാണ്. യു.എ.ഇ.യിൽ ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിൽ പൊതുമാപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ അവിടെ നിന്നും മടങ്ങിവരുന്നവരുടെ പുനരധിവാസപ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊണ്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളുണ്ടാകുമ്പോൾ മറ്റൊരുകാലത്തും ഇല്ലാത്ത തരത്തിലുളള അടിയന്തിര നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ജനുവരി ഒന്നു മുതൽ ഏപ്രിൽ 30-ാം തീയതി വരെ യു.എ.ഇ. ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുളള പൊതുമാപ്പ് ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തി അന:ധികൃതമായി യു.എ.ഇ.യിൽ കഴിയുന്ന മലയാളികളെ നാട്ടിൽ കൊണ്ടുവരിക എന്നുളളതാണ് ഗവൺമെന്റിന്റെ ആദ്യത്തെ ചുമതല. ഈ വാർത്ത വന്നയുടനെ ജനുവരി ഒന്നിന് മന്ത്രിസഭായോഗം ചേർന്ന് ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനുവേണ്ടി ധനകാര്യം, വ്യവസായം, റവന്യൂ, ട്രാൻസ്പോർട്ട്, ഇൻഫർമേഷൻ എന്നീ വകുപ്പുകളുടെ ചുമതലയുളള മന്ത്രിമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കൂടാതെ ജനുവരി ആദ്യത്തെ ആഴ്ച തന്നെ വിദേശ ഇൻഡ്യാക്കാർ മടങ്ങിയെത്തിയാൽ അവരുടെ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി എയർപോർട്ട്, കസ്റ്റംസ്. എമിഗ്രേഷൻ, എയർ ലൈൻസ്, പാസ്പോർട്ട് എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ഗവൺമെന്റ് ചർച്ച നടത്തുകയുണ്ടായി. നാൽപ്പതിനായിരം ഇൻഡ്യാക്കാർ മടങ്ങിയെത്തുമെന്നും അതിൽ ഇരുപതിനായിരം പേർ മലയാളികളായിരിക്കുമെന്നുമാണ് ആദ്യം വിവരം ലഭിച്ചത്. ഇതിന്റെ യഥാർത്ഥ റിപ്പോർട്ട് ലഭ്യമാക്കാനായി "നോർക്ക" സെക്രട്ടറിയെ യു.എ.ഇ.യിൽ അയയ്ക്കുകയും അദ്ദേഹം അവിടത്തെ ഇൻഡ്യൻ അംബാസിഡർ, ഡയറക്ടർ ജനറൽ ഓഫ് എമിഗ്രേഷൻ എന്നിവരുമായി ചർച്ച നടത്തുകയും ചെയ്തു. ഇതുവരെ ലഭിച്ച കണക്ക് പ്രകാരം 1113 ഇൻഡ്യാക്കാരാണ് പൊതുമാപ്പിന്റെ സൗകര്യം ഉപയോഗിച്ചുകൊണ്ട് മടങ്ങാൻ ഇൻഡ്യൻ എംബസിയിൽ റിപ്പോർട്ട് ചെയ്തിട്ടുളളത്. അതിൽ കേരളത്തിൽ നിന്നുളളത് 616 പേരാണ്. മാർച്ച് മദ്ധ്യത്തോടുകൂടി മാത്രമേ കൃത്യമായവിവരം ലഭ്യമാകൂ. ഇപ്പോഴത്തെ കണക്ക് പ്രകാരം ആയിരത്തിലധികം ആളുകൾ മടങ്ങിവരാൻ സാധ്യതയില്ലെന്നാണ് ഇൻഡ്യൻ അംബാസിഡറും എമിഗ്രേഷൻ അധികൃതരുമായി ചർച്ച നടത്തിയപ്പോൾ പറഞ്ഞത്. ഏപ്രിൽ 30-നുളളിൽ കൂട്ടമായി ആളുകൾ മടങ്ങിവരുന്ന സാഹചര്യമുണ്ടായാൽ സബ്സിഡൈസ്ഡ് റേറ്റിൽ എയർ

ഇൻഡ്യ അവർക്ക് വിമാനയാത്ര അനുവദിക്കണമെന്നും എമിറേറ്റ്സ് പോലുള്ള എയർ ലൈൻസ് സൗജന്യമായിട്ട് അവരെ കൊണ്ടുവരികയാണെങ്കിൽ തിരിച്ച് അവർക്ക് കാർഗോയും പാസഞ്ചേഴ്സിനേയും കൊണ്ടുപോകാൻ ഇൻഡ്യാഗവൺമെന്റ് അനുമതി നൽകണമെന്നും മുഖ്യമന്ത്രി ഒരു കത്തിലൂടെ പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മടങ്ങിവരുന്നവരെ ബോംബെയിൽനിന്ന് സ്പെഷ്യൽ ട്രെയിൻ മാർഗ്ഗം കേരളത്തിൽ എത്തിക്കാനും കേരളത്തിലെ മൂന്ന് എയർപോർട്ടുകളിൽ നിന്ന് കെ.എസ്.ആർ.ടി.സി.. ബസുകളിൽ സൗജന്യമായി വീടുകളിൽ എത്തിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.. മാത്രമല്ല, കേന്ദ്ര റെയിൽവേ മന്ത്രിയോടും കേന്ദ്ര ഷിപ്പിംഗ് കോർപ്പറേഷനോടും ട്രെയിൻ/കപ്പൽ സർവ്വീസ് നടത്താനുള്ള അഭ്യർത്ഥനയും നടത്തിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട വിദേശ മലയാളികൾക്കെല്ലാം തൊഴിൽ നൽകുകയെന്നത് അപ്രായോഗികമായതിനാൽ തൊഴിലിൽ വൈദഗ്ദ്ധ്യം നേടിയവർക്ക് തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ പ്രോജക്ട് റിപ്പോർട്ടുകളും ബാങ്ക് വായ്പയും ലഭ്യമാക്കാനും തൊഴിൽ പരിശീലനം കിട്ടാത്തവർക്ക് ഐ.ടി രംഗത്തോ മറ്റു രംഗങ്ങളിലോ സൗജന്യമായി പരിശീലനം നൽകാനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച നടത്തിക്കൊണ്ടിരിക്കുക യാണ്. സ്വകാര്യ സംരംഭകരുമായി സഹകരിച്ച് തൊഴിലിൽ പരിശീലനം കൊടുത്ത് തൊഴിൽ സംരംഭത്തിൽ ഏർപ്പെടാൻ ആവശ്യമായ സൗകര്യം ഗവൺമെന്റും ''നോർക്ക'' ഡിപ്പാർട്ടുമെന്റും ചെയ്തു കൊടുക്കുന്നതാണ്. ഗൾഫ് നാടുകളിൽ തൊഴിലെടുക്കുന്നതിനുള്ള അടിസ്ഥാന യോഗ്യതയായി 10-ാം ക്ളാസ്സ് പാസ്സായിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവന്നപ്പോൾ കേരള ഗവൺമെന്റും കേരളത്തിൽനിന്നുള്ള എം.പി.മാരും എക്സ്റ്റേണൽ അഫയേഴ്സ് മിനിസ്ട്രിയുമായി ബന്ധപ്പെട്ട് നിലവിലുള്ളവർക്ക് ആ വ്യവസ്ഥ ബാധകമല്ലെന്ന തീരുമാനം യു.എ.ഇ. ഗവണ്മെന്റിനെക്കൊണ്ട് എടുപ്പിച്ചു. ഗൾഫിൽ യുദ്ധമുണ്ടായാൽ തിരിച്ചുവരാൻ ആഗ്രഹിക്കുന്ന എല്ലാ മലയാളികളേയും മടക്കി കൊണ്ടുവരുന്നതിനായി സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലെ അധികൃതരുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. കുവൈറ്റ് അംബാസിഡറുമായി മരാമത്തു വകുപ്പുമന്ത്രി ശ്രീ. എം. കെ. മുനീർ സംസാരിച്ചുകഴിഞ്ഞു. ഗൾഫ് നാടുകളിൽനിന്നും മടങ്ങി വരുന്നവരുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടാനുമുള്ള എല്ലാ സഹായങ്ങളും സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഗവൺമെന്റ് ചെയ്തു കൊടുക്കുന്നതാണ്.

(2) <u>മലയോരവികസന അതോറിറ്റി രൂപീകരണം</u>

**<u>ശ്രീ. ഇ.എം. അഗസ്തി</u>** : ഇടുക്കി, വയനാട്, പത്തനംതിട്ട, കണ്ണൂർ ജില്ലകൾ കേന്ദ്രീകരിച്ച് സ്റ്റാറ്റ്യൂട്ടറി അധികാരത്തോടുകൂടിയ ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കുന്നതു സംബന്ധിച്ച് 1977 മുതൽ വിവിധ തലങ്ങളിൽ പഠനങ്ങളും ചർച്ചകളും നടത്തിവരികയാണ്. ഇതിനുവേണ്ടി പ്രത്യേകമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥൻ 1996–ൽ ഗവണ്മെന്റിന് ഒരു റിപ്പോർട്ട് സമർപ്പിച്ചു. യു.ഡി.എഫ്. പ്രകടനപത്രികയിലും ഈ ഗവണ്മെന്റ് അധികാരമേറ്റശേഷം ആദ്യമായി ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിലും മലയോരവികസന അതോറിറ്റി രൂപീകരണം യാഥാർത്ഥ്യമാക്കുമെന്നു പറഞ്ഞിരുന്നു. ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കുന്നതുമൂലം മലയോര പ്രദേശങ്ങളുടെ വികസനത്തിന് അത് ആക്കം കൂട്ടും. എന്നതിനാൽ എത്രയും വേഗം ഒരു മലയോര വികസന അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണം..

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ.ആന്റണി)</u>** : മലയോര മേഖലകളിലെ ജനങ്ങളുടെ ദീർഘകാല മായുള്ള ആവശ്യമാണ് മലയോര വികസന അതോറിറ്റി രൂപീകരണം. ഇതു സംബന്ധിച്ച് വിവിധ തലങ്ങളിൽ ചർച്ചകളും പഠനങ്ങളും നടന്നു. ഇപ്പോൾ ശ്രീ. സാജൻ പീറ്ററെ സ്പെഷ്യൽ ഓഫീസറായി നിയമിച്ച് പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പുതിയ അതോറിറ്റികളുടെ രൂപീകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ കുറയ്ക്കുമെന്ന വിമർശനം വന്നതിനാൽ ഒന്നുകൂടി ചർച്ച നടത്തിയശേഷമേ മലയോരവികസന അതോറിറ്റി രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളു. എന്തായാലും ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ ഒരു തീരുമാനം എടുക്കുന്നതാണ്. .

## സബ്മിഷൻ

1. <u>ടെലിഫോൺ വാടക നിരക്ക് വർദ്ധിപ്പിക്കുന്നതുമൂലമുള്ള പ്രയാസങ്ങൾ</u>

**<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u>** 2003 ഏപ്രിൽ മുതൽ ടെലിഫോൺ വാടക നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ടെലിഫോൺ അതോറിറ്റി ഓഫ് ഇൻഡ്യ സമർപ്പിച്ചിട്ടുള്ളതായി അറിയുന്നു. ഈ ചാർജ്ജ് വർദ്ധന ഏറ്റവും പ്രതികൂലമായി ബാധിക്കുന്നത് നമ്മുടെ സംസ്ഥാനത്തെയാണ്. നിരക്കുവർദ്ധന സംബന്ധിച്ച നിർദ്ദേശം ഒരുകാരണവശാലും

അനുവദിക്കാൻ പാടില്ല എന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ. കെ. ആന്റണി</u>)** : ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ചാർജ്ജ് വർദ്ധനവ് വളരെ കൂടുതലാണ്. ജനങ്ങളുടെ പൊതു വികാരം മാനിച്ചുകൊണ്ട് ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

2 . <u>ചടയമംഗലത്തെ ജടായുപാറ വിനോദ സഞ്ചാര കേന്ദ്രമാക്കണമെന്ന ആവശ്യം</u>

**<u>ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ</u>**: ചടയമംഗലത്തെ ജടായുപാറയുടെ മുകളിലുള്ള ഒരിക്കലും വറ്റാത്ത കുളവും ശ്രീരാമപാദവും കാണാൻ ധാരാളം വിനോദസഞ്ചാരികൾ എത്തുന്നുണ്ട്. ഈ പ്രദേശം ഒരു ടൂറിസം കേന്ദ്രമാക്കി വികസിപ്പിക്കുന്നതു സംബന്ധിച്ച് പഠനം നടത്തുന്നതിന് വേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും ബഡ്ജറ്റിൽ തുക വകക്കൊള്ളിക്കുകയും ചെയ്തെങ്കിലും അനന്തര നടപടികളൊന്നുമായിട്ടില്ല. ഇതു സംബന്ധിച്ച് സമഗ്രമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അത് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം.

**ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>പ്രൊഫ: കെ. വി. തോമസ്</u>)** : ജടായുപാറയുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. 140 ഏക്കർ ഭൂമി ടൂറിസം ഡിപ്പാർട്ടുമെന്റിന് കൈമാറണമെന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടു. മൂന്നു മാസത്തിനകം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മാസ്റ്റർ പ്ളാൻ തയ്യാറാക്കും.

3. <u>ആലത്തൂർ മണ്ഡലത്തിലെ നെൽക്കൃഷിക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ</u>

**<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u>** ആലത്തൂർ നിയോജകമണ്ഡലത്തിലെ 2000 ഏക്കർ സ്ഥലത്തെ നെൽക്കൃഷി വെള്ളം കിട്ടാത്തതുമൂലം നശിച്ചിരിക്കുകയാണ്. ഏക്കറിന് 600 രൂപയും വിത്തും നഷ്ടപരിഹാരമായി നൽകാമെന്ന് പറഞ്ഞിട്ടുള്ളത് വളരെ

പരിമിതമാണ്. ഏക്കറിന് അയ്യായിരം രൂപയും സൗജന്യമായി വിത്തും വളവും അടുത്ത വിളയ്ക്കു മുൻപ് നഷ്ടപരിഹാരമായി നൽകണം.

**കൃഷിയും കയറും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. ആർ. ഗൗരിയമ്മ)</u>** : ആലത്തൂർ നിയോജകമണ്ഡലത്തിലെ 680 ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി പൂർണ്ണമായും ഉണങ്ങി നശിച്ചതിന്റെ ഫലമായി 24 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു. വീണ്ടും കൃഷിയിറക്കുന്നതിനാവശ്യമായ നെൽവിത്ത് സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഹെക്ടറിന് 1500 രൂപാ നിരക്കിൽ ദുരിതാശ്വാസം അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള കുളങ്ങളിലേയും ചാനലുകളിലേയും ചെളി നീക്കം ചെയ്യുന്നതിനും പുതിയവ കുഴിക്കുന്നതിനും നീർതട വികസന പരിപാടികൾ നടപ്പാക്കുന്നതാണ്.

4. <u>വിവാഹത്തിന് മുൻപ് എച്ച്. ഐ. വി. ടെസ്റ്റ് നിർബന്ധിതമാക്കാനുള്ള നിയമനിർമ്മാണത്തിന്റെ ആവശ്യകത</u>

**<u>ശ്രീ. തോമസ് ഉണ്ണിയാടൻ:</u>** കേരളത്തിൽ എയ്ഡ്സ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വിവാഹത്തിന് മുൻപ് എച്ച്. ഐ. വി. ടെസ്റ്റ് നിർബന്ധിതമാക്കുന്നതിന് നിയമനിർമ്മാണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം.

**ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എം. ഹസ്സൻ)</u>**: വിവാഹത്തിനു മുൻപുള്ള നിർബന്ധിത എച്ച്. ഐ. വി. പരിശോധന ദേശീയ എയ്ഡ്സ് നിരോധന നിയന്ത്രണ പോളിസിയുടേയും ലോകാരോഗ്യ സംഘടനയുടേയും നയങ്ങൾക്കും നിർദ്ദേശങ്ങൾക്കും എതിരാണ്. വോളണ്ടറി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളിൽ എച്ച്. ഐ. വി. ടെസ്റ്റ് സൗജന്യ നിരക്കിൽ ചെയ്യാനുള്ള സംവിധാനം ഇപ്പോൾത്തന്നെയുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിയമനിർമ്മാണം വഴി വിവാഹത്തിന് മുൻപ് എച്ച്. ഐ. വി. പരിശോധന നിർബന്ധിതമാക്കുന്നത് ആശാസ്യമല്ല.

5. <u>പി.എസ്.സി. റാങ്ക് ലിസ്ററുകളിലുള്ളവർക്ക് നിയമനം നൽകൽ</u>

**<u>ശ്രീ. വി.കെ.ചന്ദ്രൻ:</u>** 1999–ൽ നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റകളുടെ കാലാവധി 2003 ഫെബ്രുവരിയിൽ അവസാനിക്കുമെന്നതിനാൽ റാങ്ക് ലിസ്റ്റുകളിലുള്ളവർക്ക് ജോലി കിട്ടാൻ സാദ്ധ്യതയില്ലാതാകുന്നു. അതുകൊണ്ട് ഈ റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനം നടത്താനും ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി):</u>** ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്ന നടപടിമൂലം ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 6 മാസത്തേക്കുകൂടി ദീർഘിപ്പിക്കുന്നതിന് പി.എസ്.സി–യോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി–യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ഡിപ്പാർട്ടുമെന്റ് മേധാവികൾക്ക് നിർദ്ദേശം നൽകുന്നതാണ്.

6. <u>ചില കോളേജുകളിലെ കെ.എസ്.യു. നേതാക്കളെ എസ്.എഫ്.ഐ. പ്രവർത്തകർ ആക്രമിച്ചത് സംബന്ധിച്ച്.</u>

**<u>ശ്രീ. പി.ടി.തോമസ്</u>** : കോഴിക്കോട് ലാ കോളേജിലെ ഒ. ആർ. രഘു, ശ്രീകണ്ഠപുരം എസ്.സി.എസ് കോളേജിലെ പ്രിജു. കെ. പോൾ, മഞ്ചേരി എൻ.എസ്.എസ്.കോളേജിലെ പ്രദീപ്കുമാർ എന്നീ കെ.എസ്.യു. പ്രവർത്തകരെ ആക്രമിച്ച എസ്.എഫ്.ഐ. പ്രവർത്തകർക്കെതിരെ കർശനമായ നടപടി സ്വികരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ.ആന്റണി)</u>** : ഒ.ആർ. രഘുവിനെ ആക്രമിച്ച കേസിൽ 11 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പ്രിജു. കെ. പോളിനെ ആക്രമിച്ച സംഭവത്തിൽ കേസ്സെടുത്ത് കുറ്റക്കാരെ കണ്ടെത്താൻ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നു. കാമ്പസ് ആക്രമണങ്ങൾ ഏതു ഭാഗത്തുനിന്നുണ്ടായാലും അവയെ ശക്തമായി കൈകാര്യം ചെയ്യാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗവർണ്ണറുടെ സന്ദേശം

2003 ജനുവരി 30–ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ സന്ദശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം

2002-ലെ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2003 ഫെബ്രുവരി 13-ാം തീയതിവരെ ദീർഘിപ്പിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ.എ.കെ.ആന്റണി അവതരിപ്പിക്കുകയും സഭ അത് അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ട് സമർപ്പണം

1. 2002-ലെ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച പത്താം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.
2. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും *സം*ബന്ധിച്ച സമിതിയുടെ

പതിനഞ്ചാമത് റിപ്പോർട്ട്

സമർപ്പിക്കപ്പെട്ടു.

നിയമനിർമ്മാണകാര്യം

**<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002-ലെ കേരള കോർട്ട് ഫീസും വ്യവഹരസലയും(ഭേദഗതി) ബിൽ</u>**

**റവന്യൂവും നിയമവും വകുപ്പുമന്ത്രി. (<u>ശ്രീ.കെ.എം.മാണി</u>)** സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (<u>ശ്രീ.എം.എം.ഹസ്സൻ</u>)** പ്രമേയത്തെ പിൻന്താങ്ങുന്നു.

**<u>ശ്രീ.എം.വി.ജയരാജൻ</u>** : നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

ക്രമപ്രശ്നം.

**<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u>** : ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകുന്നതിനു മുൻപാണ് നിരാകരണ പ്രമേയം അവതരിപ്പിക്കേണ്ടത്.

റൂളിംഗ്

**<u>മി. സ്പീക്കർ</u>** : ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്കു വിട്ടതിനുശേഷമാണ് ഓർഡിനൻസ് വന്നത്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം ഓർഡിനൻസ് വന്ന ഒരു കേസിൽ നിരാകരണ പ്രമേയം വരുന്നത് ആദ്യമായിട്ടാണ്. അതുകൊണ്ട് നിരാകരണ പ്രമേയം അനുവദിക്കുന്നു.

**<u>ശ്രീ.എം.വി. ജയരാജൻ:</u>** 2002-ലെ കേരളാ കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ 2002 ജൂലൈ 1-ാം തീയതി ഗസറ്റിൽ പ്രസിദ്ധീകരിച്ചു; ജൂലൈ 31-ാം തീയതി ഔദ്യോഗികമായി സഭയിൽ അവതരിപ്പിക്കുകയും അന്ന് തന്നെ 10-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനുശേഷം, 2002 ഒക്ടോബർ 26-ാം തീയതി സർക്കാർ ഒരു ഓർഡിനൻസായി ഈ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. വളരെ അസാധാരണമായ ഒരു നടപടിയാണ് സർക്കാർ സ്വീകരിച്ചത്. ഇത് നിയമസഭയോട് കാണിക്കുന്ന അനാദരവാണ്; എല്ലാ കീഴ്വഴക്കങ്ങളുടെയും ലംഘനമാണ്.

**<u>മി. സ്പീക്കർ:</u>** ഇത് ഞാൻ പരിശോധിച്ചു. ഇതിൽ യാതൊരു ഇല്ലീഗാലിറ്റിയും ഇല്ല. ഇത് അസാധാരണമായ ഒരു സംഭവമാണ്. സഭയിൽ ആദ്യമായി നടക്കുന്നതാണ്.

**റവന്യൂവും നിയമവും വകുപ്പു മന്ത്രി (<u>ശ്രീ. കെ.എം. മാണി</u>)** ഇതിൽ ഒരു അനാദരവും ഇല്ല. ശ്രീ. എം.വി.ജയരാജൻ കൂടി അംഗമായിട്ടുള്ള പത്താം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതാണ്.

**<u>ശ്രീ എം.വി.ജയരാജൻ:</u>** കേരള നിയമസഭയുടെ ചരിത്രത്തിൽ പുതിയ ഒരു കീഴ് വഴക്കത്തിനുള്ള തുടക്കമാണ് ഇവിടെ കുറിച്ചത്. ഇത്തരമൊരു നിയമനിർമ്മാണത്തിനുള്ള അസാധാരണ സാഹചര്യം ഇവിടെ നിലവിലില്ല.. 2002 ഒക്ടോബർ 26-ാം തീയതിയാണ് അസാധാരണ ഗസറ്റ് വിജ്ഞാപനം വഴി ഓർഡിനൻസ് കൊണ്ടുവന്നത്. ഭരണപരമായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനാണ് സാധാരണഗതിയിൽ ഓർഡിനൻസ് കൊണ്ടുവരുന്നത്. സർക്കാരിൽ നിന്ന് നീതി ലഭിക്കാത്ത സാധാരണ പൗരന്മാർ കോടതിയെയാണ് സമീപിക്കുന്നത്. നിയമന നിരോധനം വഴി തൊഴിൽ രഹിതരായ ചെറുപ്പക്കാരെ സർക്കാർ വഞ്ചിക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇത്തരമൊരു ആസൂത്രിതമായ സ്ഥിതിവിശേഷം ഉണ്ടാകുന്നത്.

നീതി തേടി കോടതിയിൽ പോകുന്ന സാധാരണക്കാരന് അത് നിഷേധിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരമൊരു ഓർഡിനൻസ് ഇറക്കിയത്. വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കാത്ത ഈ നിയമനിർമ്മാണം താൽക്കാലികമായി മാറ്റിവയ്ക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനുമുമ്പ് സമഗ്രമായ ചർച്ചകൾ മുൻകാലങ്ങളിൽ നടത്തിയിരുന്നു. 1988–ൽ അധികാരത്തിൽ ഉണ്ടായിരുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ കോടതികൾ ചുമത്തുന്ന കോർട്ട്ഫീസ് നീതീകരിക്കാനാകുന്നതല്ലെന്നുള്ള കാര്യം വസ്തുതകൾ നിരത്തിക്കൊണ്ട് ഹൈക്കോടതിയിൽ ചോദ്യം ചെയ്തിരുന്നു. അന്നത്തെ ഗവൺമെന്റ്, ജസ്റ്റീസ് സുബ്രഹ്മണ്യൻ പോറ്റി ചെയർമാനായുള്ള പ്രശസ്ത അഭിഭാഷകരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു കമ്മിറ്റിയുടെ പഠന റിപ്പോർട്ടിനെ ആധാരമാക്കി ആവശ്യമായ ചില മാറ്റങ്ങൾ വരുത്തിക്കൊണ്ട് സാധാരണക്കാർക്ക് നീതി നിഷേധിക്കാത്ത രൂപത്തിലുള്ള ഭേദഗതിയാണ് ഈ നിയമത്തിൽ വരുത്തിയത്. ഈ ഗവൺമെന്റ് അത്തരത്തിലുള്ള ഒരു പഠനം നടത്തുന്നതിന് മുതിരാത്തത് ഖേദകരമാണ്. എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഗവൺമെന്റ് കോർട്ട്ഫീസും വ്യവഹാരസലയും വർദ്ധിപ്പിക്കുന്നതെന്നുള്ള കാര്യം ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ വ്യക്തമാക്കിയിട്ടില്ല. ജനങ്ങൾ നീതി ലഭിക്കുന്നതിന് കോടതിയെ കൂടുതൽ ആശ്രയിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വരുത്തിയ കോർട്ട്ഫീസ് വർദ്ധനവ് സാധാരണ ജനവിഭാഗങ്ങളെ പ്രതികൂലമായി ബാധിക്കും. ഈ അമിത വർദ്ധനവ് നീതീകരിക്കാൻ കഴിയുന്നതല്ല. അഭിഭാഷകരുടെ അമിത ഫീസ് നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് തയ്യാറാകണം. നീതിന്യായ പരിപാലനത്തിനുവേണ്ടി ചെലവുകൾ നിർവ്വഹി ക്കുന്നതിന് സർക്കാരിന് പണം ആവശ്യമാണെങ്കിൽ കേന്ദ്രസഹായം തേടണം. അതിനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ലന്ന് മാത്രമല്ല അതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുപോലുമില്ല.. നിയമസഭയ്ക്ക് മാത്രമേ നിയമനിർമ്മാണത്തിനുള്ള അധികാരമുള്ളൂ. കേരള നിയമസഭ പല നിയമനിർമ്മാണങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. പക്ഷെ, കോടതിയുമായി കൂടിയാലോചന നടത്തി ഒരു നിയമനിർമ്മാണം നടത്തിയ ചരിത്രം കേരള നിയമസഭയിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഭരണഘടനയിലെ ആർട്ടിക്കിൾ 226 അനുസരിച്ച് ഹേബിയസ് കോർപ്പസ് ഒഴിച്ചുള്ള എല്ലാ ഹർജികൾക്കും കോർട്ട്ഫീസ് ഒഴിവാക്കിയിരുന്നു. എന്നാൽ ഇനി അങ്ങനെ ആർക്കും റിട്ട് കൊടുക്കാൻ കഴിയില്ല. സാധാരണക്കാർക്ക് നീതി നിഷേധിക്കുന്ന ഈ നിയമ ഭേദഗതി പാസ്സാക്കേണ്ട യാതൊരു അടിയന്തിര സാഹചര്യവുമില്ലാത്ത ഈ അവസരത്തിൽ

നിയമസഭയെ നോക്കു കുത്തിയാക്കി കൊണ്ടുവന്ന ഈ ഓർഡിനൻസ് നിരാകരിക്കണം.

<u>**ശ്രീ. കെ.പി. രാജേന്ദ്രൻ:**</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. വളരെ വിശദമായ ചർച്ചകൾക്കുശേഷം കൊണ്ടുവരേണ്ടിയിരുന്ന ഈ നിയമം ഇത്ര ധൃതിപിടിച്ച് കൊണ്ടുവരേണ്ട ഒരു അടിയന്തിര സാഹചര്യവും ഇവിടെയില്ല.. നിയമസഭ കൂടി വിശദമായ ചർച്ച നടത്താതെ 2002 ഒക്ടോബർ 6-ാം തീയതി ഒരു അസാധാരണ ഓർഡിനൻസ് ഇറക്കിയത് ഭരണഘടനാ വിരുദ്ധമാണെന്ന് വക്കീലൻമാരുടെ സംഘടന അഭിപ്രായപ്പെട്ടിരുന്നു. കോർട്ട് ഫീസ് ഇത്രയധികം വർദ്ധിപ്പിക്കുന്നത് പാവപ്പെട്ട ജനങ്ങളോട് കാണിക്കുന്ന ക്രൂരതയാണ്. ഈ വർദ്ധനവിന്റെ മാനദണ്ഡം എന്താണെന്ന് മനസ്സിലാകുന്നില്ല. കോടതിയെ ഒരു പ്രോഫിറ്റ് മേക്കിംഗ് സ്ഥാപനമാക്കരുത്. പൗരന്മാർക്ക് നീതി ഉറപ്പാക്കാനും നിയമ പരിരക്ഷ നൽകാനും മൗലികാവകാശം സംരക്ഷിക്കപ്പെടാനുമുള്ള വേദിയാണ് കോടതി.. കോടതിയുടേയും നിയമത്തിന്റേയും പരിരക്ഷയിൽനിന്ന് സാധാരണക്കാർ അകന്നുപോകുകയും ഏത് കേസും കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ ഗുണ്ടാ മാഫിയാ സംഘങ്ങൾ വളർന്നു വരുകയും ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഗുരുതരമായ ക്രമസമാധാന തകർച്ച ഈ സംസ്ഥാനത്തുണ്ടായിരിക്കുന്നു. കോടതികളിൽ കേസുകളുടെ എണ്ണം കൂടുമ്പോൾ ഫീസ് വർദ്ധിപ്പിക്കുന്നതിനുപകരം നീതിയുക്തമായി യഥാസമയം കേസുകൾ തീർപ്പുകൽപ്പിക്കാൻ നടപടികളെടുക്കുകയാണ് വേണ്ടത്. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അഴിമതിക്ക് വിധേയരാകുമ്പോഴും സാധാരണക്കാർക്ക് നീതി നിഷേധിക്കുമ്പോഴും അതിനെതിരെ കൊടുക്കുന്ന ഹർജികൾക്ക് നിലവിലുണ്ടായിരുന്ന ഫീസ് ഭീമമായി വർദ്ധിപ്പിച്ചതുമൂലം ഹർജികൾ ഫയൽ ചെയ്യാൻ ആരും തയ്യാറാകുകയില്ല. പ്രതിബദ്ധതയോടുകൂടി പ്രശ്നങ്ങൾ കോടതികളിൽ കൊണ്ടുവരുമ്പോൾ യഥാസമയം തീരുമാനമെടുക്കാൻ സർക്കാരിന് കഴിയണം. സാധാരണക്കാരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങൾക്ക് സംരക്ഷണം നൽകാൻ സർക്കാർ മുൻകൈയെടുക്കുന്നതിനു പകരം അനാവശ്യമായി ഫീസ് വർദ്ധനവ് വരുത്തിയതിലൂടെ സാധാരണക്കാർക്കിടയിൽ ആശങ്കാ മനോഭാവം വളർത്തിയെടുക്കാൻ ഇടയായിരിക്കുന്നു. കേസുകളിന്മേൽ ഹൈക്കോടതിയിൽ സർക്കാരിന്റെ ഭാഗം വാദിക്കേണ്ടവർ ശരിയായി വാദിക്കുന്നില്ല. സാധാരണക്കാർക്ക് നീതി നിഷേധിക്കാനിടവരാത്തവിധം ശുഷ്ക്കാന്തിയോടുകൂടി സർക്കാർ ഭാഗത്തുനിന്നും ബന്ധപ്പെട്ടവർ കേസുകൾ വാദിക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. സാധാരണ

ഹർജികളിന്മേൽ ഫീസ് വർദ്ധിപ്പിക്കാതെ ഇൻകംടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ, വെൽത്ത് അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവ നടത്തുന്ന കേസുകളിൽ ഫീസ് വർദ്ധിപ്പിക്കണം. ഫീസ് വർദ്ധനവിന് വ്യക്തമായ മാനദണ്ഡം വേണം. മറ്റൊരു സംസ്ഥാനത്തും നിയമത്തിലില്ലാത്ത 73(എ) വകുപ്പ് പുതിയതായി കൊണ്ടുവരുന്നത് സാധാരണക്കാരന് നീതിയും നിയമവും നിഷേധിക്കാനിടയാകും. വനിതാ കമ്മീഷൻ പോലുള്ള സമിതികളിൽ ലഭിക്കുന്ന ഹർജ്ജികളിൽ ക്ളാസിഫിക്കേഷൻ നടത്തി വേഗത്തിൽ തീർപ്പ് കൽപ്പിക്കണം. കേരളത്തിലെ ബാർ അസ്സോസിയേഷൻപോലുള്ള സംഘടനകളുടെ അഭിപ്രായംകൂടി ആരാഞ്ഞുകൊണ്ട് ജെനുവിൻ കേസുകൾ വേഗത്തിലും ഫലപ്രദമായും നടത്തുവാനും അതുവഴി സർക്കാരിന്റെ ചെലവ് കുറയ്ക്കാനും നിയമം പരിരക്ഷിക്കാനും കോടതിയെ സജീവമാക്കാനും സർക്കാരിന് കഴിയണം. സാധാരണക്കാർ ഫയൽ ചെയ്യുന്ന കേസുകളിൽ കോർട്ട്ഫീസ് സ്റ്റാമ്പ് ഒഴിവാക്കി വെള്ള പേപ്പറിൽ എഴുതി കൊടുക്കുന്ന ഹർജി ഫയലിൽ സ്വീകരിക്കാൻ നടപടിയുണ്ടാകണം. സാധാരണക്കാരനെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ ഭരണഘടനയ്ക്ക് വിരുദ്ധമായി ഓർഡിനൻസുകളും നിയമനിർമ്മാണങ്ങളും കൊണ്ടുവരുന്ന നടപടികളിലേയ്ക്ക് സർക്കാർ പോകരുത്.

**<u>ശ്രീ. പി.സി.ജോർജ്</u>** :വിയോജിപ്പ് രേഖപ്പെടുത്തുന്നു. നീതി ഒരു വിൽപ്പനച്ചരക്കും ചെലവേറിയതുമാക്കാനുള്ള നീക്കമാണ് ഗവൺമെന്റ് ഈ ബില്ലിലൂടെ നടത്തുന്നത്. ഭരണഘടന അനുവദിച്ചിട്ടുള്ള പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ജനങ്ങൾക്ക് കോടതിയിൽ പോകാൻ കഴിയാത്ത സാഹചര്യം ഗവൺമെന്റ് സൃഷ്ടിക്കരുത്. കോടതിയുടെ ഭരണനിർവ്വഹണച്ചെലവ് വർദ്ധിച്ചതുകൊണ്ട് അത് കക്ഷികളിൽ നിന്നും ഈടാക്കാനുള്ള നടപടി ഉപേക്ഷിക്കണം. ചെലവ് കുറയ്ക്കണമെന്നു നിർദ്ദേശിക്കുന്ന ഭരണകൂടം ഹൈക്കോടതി ജഡ്ജിമാർക്ക് പുതിയ കാറുകളും മൊബൈൽ ഫോണും നൽകിയിരിക്കുന്നു. പൊതുജനസമ്പർക്കം ആവശ്യമില്ലാത്ത ജഡ്ജിമാർക്ക് മൊബൈൽ ഫോൺ കൊടുക്കുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല. എക്സിക്യൂട്ടിവിന്റെ അധികാരങ്ങൾ ജുഡിഷ്യറിക്ക് അടിയറവച്ചിരിക്കുന്നു. ഹൈക്കോടതി സമുച്ചയം പണിയുന്നതിന്റെ പേരിൽ നിയമവകുപ്പുമന്ത്രി ഹൈക്കോടതി ജഡ്ജിമാരുമായി ചർച്ച നടത്തിയതിനെക്കുറിച്ച് പ്രതിപക്ഷത്തിന് അറിയാൻ താൽപര്യമുണ്ട്. സുപ്രീംകോടതിയിൽ സംസ്ഥാന ഗവൺമെന്റിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ ഹാജരാകേണ്ടതിനുപകരം രാഷ്ട്രീയ പരിഗണനവച്ച് വക്കീലൻമാരെ നിയോഗിക്കുന്നത് ശരിയല്ല. യോഗ്യതയില്ലാത്ത പലരേയും ഗവൺമെന്റ് പ്ലീഡർമാരായി നിയമിച്ചിരിക്കുന്നു.

അഡ്വക്കേറ്റ് ജനറലും അഡിഷണൽ അഡ്വക്കേറ്റ് ജനറലും ഗവൺമെന്റ് പ്ലീഡർമാരും ഉള്ളപ്പോൾ സ്റ്റേറ്റ് അറ്റോർണിയെ നിയമിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തണം. കോർട്ടലക്ഷ്യക്കേസിന് 500 രൂപ ഫീസ് ഈടാക്കുന്നത് പ്രായോഗികമല്ല.. കോടതി വിധി നടപ്പാക്കാൻ ഫയൽ ചെയ്യേണ്ട കേസുകൾക്ക് ഫീസ് ഈടാക്കാൻ പാടില്ല.. സർക്കാർ വക്കീലന്മാർ ഗവൺമെന്റിനുവേണ്ടി കാര്യക്ഷമമായി കേസ് നടത്താതിരിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തണം.. നീതി വില്പനച്ചരക്കാക്കുന്ന വിധത്തിലുള്ള, സാധാരണ പൗരന്റെ അവകാശങ്ങൾ ലംഘിക്കപ്പെടുന്ന വിധത്തിലുള്ള ഈ ബിൽ പിൻവലിക്കണം.

**<u>ശ്രീ. വി. ഡി. സതീശൻ</u>**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2002–ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1959–ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്ടിന് 1991–ലാണ് പ്രധാനപ്പെട്ട ഭേദഗതി വന്നത് . നീതി നിർവ്വഹണം ചെലവേറിയ പ്രോസസ് ആയി മാറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ കോടതി ഫീസ് വർദ്ധിപ്പിക്കണമെന്ന തീരുമാനത്തെ ചോദ്യം ചെയ്യാൻ കഴിയില്ല. സാധാരണക്കാരനെ നീതിന്യായ വ്യവസ്ഥിതിയിൽനിന്നും കോടതിയിൽനിന്നും അകറ്റി നിർത്തുന്ന രീതിയിലുള്ള ഫീസ് വർദ്ധനവ് യുക്തമാണോ എന്നും നീതിന്യായനിർവ്വഹണത്തിന് വേണ്ടിവരുന്ന തുക ഫീസ് വർദ്ധിപ്പിക്കാതെ എങ്ങനെ ഈടാക്കാൻ കഴിയുമെന്നും പരിശോധിക്കണം. ദുർബല ജന വിഭാഗങ്ങൾക്ക് ആവശ്യമായ ഫീസ് ഇളവ് നല്കണം. ഇപ്പോൾ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ഫീസ് നിരക്ക് വളരെ കൂടുതലായതിനാൽ അത് പുന:പരിശോധിക്കണം. അമിതമായ ഫീസ് വർദ്ധനവ് സിവിൽ കോടതിയിൽനിന്നും സാധാരണക്കാരെ അകറ്റി നിയമവിരുദ്ധമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ നിർബന്ധിക്കപ്പെടുമെന്നതിനാൽ ഒരു ലക്ഷം രൂപവരെയുള്ള തുകയ്ക്ക് ഫീസ് വർദ്ധനവ് വരുത്തരുത്.. അതുപോലെ സ്ലൈഡിംഗ് പ്രിൻസിപ്പിൾ ഉപയോഗിച്ചായിരിക്കണം കോടതി ഫീസ് കൂട്ടേണ്ടത്. സെക്ഷൻ 53 (എ) അനുസരിച്ചുള്ള ഫീസ് വർദ്ധനവ് യുക്തിസഹമല്ലാത്തതിനാൽ അതും പരിശോധിക്കണം. ഓരോ പെറ്റീഷണർക്കും നൂറു രൂപ എന്നുള്ളത് പെർ പെറ്റീഷൻ എന്നാക്കണം. കൺടെംപ്റ്റ് ഓഫ് കോർട്ടിന് കോർട്ട് ഫീസ് ഏർപ്പെടുത്താനുള്ള നടപടി പിൻവലിച്ച് ജനറൽ എക്സംപ്ഷന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തണം. ഫീസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ നിയമ ഭേദഗതി കൊണ്ടുവരുമ്പോൾ അതിന് വ്യക്തതയുണ്ടായിരിക്കാൻ ശ്രദ്ധിക്കണം. സെക്ഷൻ 73(എ) അനുസരിച്ച് ഫീസ്

ഒഴിവാക്കിയിരിക്കുന്നവയ്ക്ക് ഒരു നിയന്ത്രണമേർപ്പെടുത്തണം. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റീസ് വളരെ ചെലവേറിയതായി വന്നിരിക്കുന്നുവെങ്കിലും ഫീസ് വർദ്ധനവ് യുക്തിഭദ്രം ആയിരിക്കണം. സെക്ഷൻ 83 പ്രകാരമുള്ള പ്രോസ്സസിംഗ് ഫീസ് നീക്കം ചെയ്യണം. സാധാരണക്കാരെ ബാധിക്കാത്ത വിധത്തിൽ പ്രൊപ്പോർഷണലായിട്ടും റാഷണലായിട്ടും കോർട്ട് ഫീസ് വർദ്ധിപ്പിക്കണം.

<u>**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:**</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2002-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സാധാരണ ക്കാർക്ക് താങ്ങാൻ കഴിയാത്ത വിധത്തിൽ അമിതമായ കോർട്ട് ഫീസാണ് ചുമത്തിയിരിക്കുന്നത്. ഹൈക്കോടതിയും കേരളാ ഗവൺമെന്റുംകൂടി ആലോചിച്ചതിനുശേഷമാണ് ഇത്തരത്തിൽ കോടതി ഫീസ് വർദ്ധിപ്പിക്കാൻ ധാരണയുണ്ടായിട്ടുള്ളത്. ഇത് പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന് ദോഷം ചെയ്യും. ഈ നിയമത്തിനകത്തുള്ള ഒരു ന്യൂനത ഹൈക്കോടതിയിൽ ഇതിനെ ചോദ്യം ചെയ്യാൻ കഴിയുകയില്ലെന്നുള്ളതാണ്. കാരണം ഹൈക്കോടതിയെ ഇതിനകത്ത് ഒരു കക്ഷിയായി ചേർത്തിരിക്കുകയാണ്. അമിതമായ ഫീസ് വർദ്ധനവുമൂലം സാധാരണക്കാർക്ക് കോടതിയെ സമീപിക്കാനുള്ള അവസരം നഷ്ടപ്പെടും. വിദ്യാഭ്യാസ മേഖലയെ കച്ചവടച്ചരക്കാക്കിയ ഈ ഗവൺമെന്റ് കോടതിയേയും കച്ചവടച്ചരക്കാക്കാൻ പോകുകയാണ്. കോടതിയിൽ വരുന്ന ചെലവ് കോടതിയിൽ വരുന്ന കക്ഷികളിൽ നിന്ന് ഈടാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. കോടതി പ്രവർത്തനം സേവനമേഖലയായിട്ടാണ് കണക്കാക്കേണ്ടത്. കോർട്ട് ഫീസ് വർദ്ധനവിലൂടെ സിവിൽ സ്യൂട്ടുകൾക്കും വിവിധ പെറ്റീഷനുകൾക്കും ഒ. പി. കൾക്കുമെല്ലാം വലിയ ഫീസ് വർദ്ധനവുണ്ടാകും. കേസ് നടത്തിപ്പിന്റെ കാര്യത്തിൽ അലംഭാവത്തോടുകൂടിയുള്ള ഒരു സമീപനമാണ് നിയമ വകുപ്പ് സ്വീകരിച്ചുവരുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചതിനുശേഷം ഓർഡിനൻസ് പുറപ്പെടുവിക്കാൻ തയ്യാറായ ഗവൺമെന്റ് സ്വാശ്രയ കോളേജു കളിൽ 50% ഫ്രീ സീറ്റ് അനുവദിക്കുന്നതിനുവേണ്ടി ഒരു ഓർഡിനൻസ് കൊണ്ടുവരാൻ തയ്യാറായിരുന്നുവെങ്കിൽ ആ ബിൽ പാസ്സാക്കിയെടുക്കാൻ പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കുമായിരുന്നു. പുതുതായി കൂട്ടിച്ചേർത്ത സെക്ഷൻ 73(എ) അനുസരിച്ച് കോടതി മുമ്പാകെ സർക്കാർ ഫയൽ ചെയ്യുന്ന അപ്പീലുകൾ, റിവിഷനുകൾ മുതലായവ

സംബന്ധിച്ച് യാതൊരു കോർട്ട് ഫീസും ചുമത്തപ്പെടുന്നില്ല. സർക്കാറിന് ഏതൊരാളുടെ പേരിലും കേസ് കൊടുക്കാൻ കഴിയുന്ന സ്ഥിതി ഇതിന്റെ ഫലമായി വരും. ഈ വകുപ്പിലൂടെ ഗവൺമെന്റ് സാമൂഹ്യ നീതി ലംഘിച്ചിരിക്കുകയാണ്.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി)** ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഈ ബിൽ പാസ്സാകുന്നതോടുകൂടി പാവപ്പെട്ടവർ കോടതിയെ സമീപിക്കുന്നത് തടയപ്പെടുമെന്നാണ്. പാവപ്പെട്ടവർക്കുവേണ്ടി കേസ് നടത്തുന്നതിന് പ്രത്യേകമായ ചില വ്യവസ്ഥകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഇൻഡ്യയിൽ ആദ്യമായി പാവപ്പെട്ടവർക്കു സൗജന്യ നിയമ സഹായ പദ്ധതി കൊണ്ടുവന്നത് ഞാൻ 1987-ൽ നിയമ മന്ത്രിയായിരുന്ന കാലഘട്ടത്തിലാണ്. ഇപ്പോൾ ഹൈക്കോടതിയാണ് ആ പദ്ധതി നടപ്പിലാക്കുന്നത്. 2001-ൽ സി.പി.സി. അമന്റ്മെന്റ് ആക്ട് നിലവിൽ വന്നതിനുശേഷം സിവിൽ കോർട്ടിൽ കേസ് ഫയൽ ചെയ്താൽ ഉടൻ ഫയലിൽ സ്വീകരിക്കുകയില്ല. കക്ഷികൾ തമ്മിൽ രാജിയാക്കാനുള്ള ശ്രമമാണ് ആദ്യം നടത്തുന്നത്. അതിന് നിയമപരമായ അംഗീകാരമുണ്ട്. കോടതിയിൽ കേസ് കൊടുക്കുമ്പോൾ ആദ്യമേ മുഴുവൻ കോർട്ട് ഫീസും കൊടുക്കേണ്ട; പത്ത് ശതമാനം അടച്ചാൽ മതി. കോർട്ട് ഫീസിനെ സംബന്ധിച്ച് നിർദ്ദിഷ്ട വ്യവസ്ഥകൾ ഉണ്ട്. ഭരണഘടന ആർട്ടിക്കിൾ 32 അനുസരിച്ച് സുപ്രീംകോടതിയിൽ കേസ് കൊടുക്കുന്നതിന് കോർട്ട് ഫീസ് കൊടുക്കണം. ആർട്ടിക്കിൾ 226 അനുസരിച്ച് റിട്ട് പെറ്റീഷന് ഹൈക്കോടതി കോർട്ടഫീസ് ഒഴിവാക്കി. സർക്കാർ കേസ്സുകളെ സംബന്ധിച്ചിടത്തോളം കോടതിയിൽ കേസ് ആര് നടത്തണമെന്ന് തീരുമാനിക്കുന്നത് അഡ്വക്കേറ്റ് ജനറലാണ്. സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ അഡീഷണൽ അഡ്വക്കേറ്റ് ജനറലിനെ നിയോഗിച്ചതിൽ എന്തെങ്കിലും പാകപ്പിഴ ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കും. സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ കോടതി ചോദിച്ച 11 ചോദ്യങ്ങൾക്ക് ക്യാബിനറ്റ് കൂടി യാലോചിച്ചാണ് ഉത്തരം കൊടുത്തത്. 1998-ൽ നിലവിലിരുന്ന നിരക്ക് മാത്രമാണ് ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ദുർവ്യഹമായിട്ടുള്ള ഒരു റേറ്റുമില്ല. ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. വകുപ്പുതിരിച്ച് ചർച്ച ചെയ്യുമ്പോൾ കൂടുതൽ കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുകയും ആവശ്യമായ മാറ്റങ്ങളോ പരിഷ്ക്കാരങ്ങളോ വരുത്തണമെങ്കിൽ വരുത്തുകയും ചെയ്യാം.

നിരാകരണപ്രമേയം നിരാകരിക്കപ്പെട്ടു

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ാം വകുപ്പ്

**ശ്രീ. ടി.കെ. ബാലൻ:** 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. വി.കെ. ചന്ദ്രൻ:**1 25-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.വി.ഡി. സതീശൻ:** 126-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.കെ.പി. രാജേന്ദ്രൻ:**127-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

**ശ്രീ.വി. ചെന്താമരാക്ഷൻ:** 128-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

**ശ്രീ.കോടിയേരി ബാലകൃഷ്ണൻ** : 129-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

**റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി):** ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗികരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

**ശ്രീ. കെ.പി. സതീശ് ചന്ദ്രൻ**: 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.എ.കെ. ബാലൻ:** 138-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു

**ശ്രീ. വി. ചെന്താമരാക്ഷൻ** : 139-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. രാജു എബ്രഹാം**: 142-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. പി.ജയരാജൻ:** 144-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. വി.ഡി. സതീശൻ** : 145-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ:** 146-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**റവന്യുവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം.മാണി):** ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്**

**പ്രൊഫ: സാവിത്രി ലക്ഷ്മണൻ** : 156-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം.വി.ജയരാജൻ** : 157, 166 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.വി. ചെന്താമരാക്ഷൻ** : 159, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**: 161, 162 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.പി.സി. ജോർജ്**: : 163-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.പി.ജയരാജൻ**: 164-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം.എ.വാഹിദ്**: 165-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ.കെ.എം. മാണി)** : പ്രൊഫ: സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച In the newly inserted section "73 A" proposed to be amended by clause 4 for the words 'other pleadings or documents is filed' substitute the words "other pleadings or documents are filed" എന്ന 156-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ. സാവത്രി ലക്ഷ്മണൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്**

**ശ്രീ. ടി.കെ.ദേവകുമാർ**: 168-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.എം.വി.ജയരാജൻ**: 169, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**പ്രൊഫ.സാവിത്രി ലക്ഷ്മണൻ:** 173-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.വി.കെ.ചന്ദ്രൻ**: 174-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.കെ.ജയച്ചന്ദ്രൻ</u>**: 176-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.പി.മോഹനൻ</u>:** 178-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ.സി.കെ.നാണു</u>**: 179-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.പി.രാജേന്ദ്രൻ</u>:** 185-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി(<u>ശ്രീ.കെ.എം.മാണി</u>):** പ്രൊഫ.സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച In Section 81(2) of the Principal Act proposed to be substituted by clause 5, for the words, "payment to him the amount" substitute the words "payment to him of the amount" എന്ന 173-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

പ്രൊഫ.സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>6-ാം വകുപ്പ്</u>**

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>:** 187-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.പി.രാജേന്ദ്രൻ</u>**: 188-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (<u>ശ്രീ.കെ.എം.മാണി</u>):** ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>7-ാം വകുപ്പ്</u>**

**<u>ശ്രീ.വി.ഡി.സതീശൻ</u>:** 196, 227, 230, 252, 271 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ.എ.കെ.ബാലൻ</u>:** 201, 224, 262, 277, 278, 292 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ.കോടിയേരി ബാലകൃഷ്ണൻ</u>:** 204, 218, 232, 269, 297 എന്നീ നമ്പർ

ഭേദഗതികൾ

അവതരിപ്പിക്കുന്നു.

**<u>ശ്രീ. പി.ജെ.ജോയി</u>**: 220-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. വി.കെ.ചന്ദ്രൻ</u>**: 228-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>പ്രൊഫ.സാവിത്രി ലക്ഷ്മണൻ</u>:** 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. എം.വി.ജയരാജൻ</u>**: 243, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.കെ.ജയചന്ദ്രൻ</u>**: 250, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ. കെ.പി.രാജേന്ദ്രൻ</u>**: 283, 293 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**<u>ശ്രീ. രാജു എബ്രഹാം</u>**: 289-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. പി.ജയരാജൻ</u>:** 294-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**<u>ശ്രീ. വി.ചെന്താമരാക്ഷൻ</u>:** 295, 296 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി(<u>ശ്രീ.കെ.എം.മാണി</u>)**: ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## <u>8-ാം വകുപ്പ്</u>

**റവന്യൂവും നിയമവും വകുപ്പുമന്ത്രി(<u>ശ്രീ.കെ.എം.മാണി</u>)**: താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(623) After item (iii) of subclause(9)(l) of clause 8, the following item shall be inserted,
namely:

"(iv) after item (iii) of subitem (2), the following item and entries shall, respectively, be inserted, namely:

| | |
|---|---|
| "(iv) for Contempt of Court Cases in the High Court. | "One hundred rupees." |

**ശ്രീ. സി.കെ.നാണു**: 299, 326 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**: 302, 309, 319, 333, 334, 336, 343, 358, 362, 373, 382, 395, 403, 408, 410, 411, 417, 429, 436, 442, 449, 454, 458, 461, 474, 501, 542, 553, 554, 559, 561, 566, 569, 572, 573, 604, 606, 611, 619 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എം.എ.വാഹിദ്**: 303, 431 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ.പി.രാജേന്ദ്രൻ:** 307, 311, 324, 325, 368, 379, 384, 402, 551 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. തമ്പാനൂർ രവി**: 308, 316, 322, 330, 344, 360, 364A, 372, 375, 381, 401, 419, 427, 438, 444, 451, 455, 459, 463, 465, 466, 469, 470, 475, 480, 484, 485, 490, 493, 502, 503, 506, 508, 512, 518, 525, 529, 532, 536, 539, 543, 547, 552, 558, 567, 578, 580, 582, 587, 588, 591, 594, 598, 603, 607, 612, 617, 621 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. പി.ജയരാജൻ:** 310, 339, 353, 361, 366, 374 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.എ.കെ.ബാലൻ:** 315, 320, 332, 345, 370, 377, 383, 404, 416, 428, 435, 448, 453, 462, 464, 468, 471, 477, 479, 483, 486, 489, 514, 516, 520, 523, 533, 544, 548, 555, 557, 568, 574, 576, 581, 583, 589, 590, 595, 596, 613, 614, 615 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.എ.എൻ.രാജൻ ബാബു**: 317, 340, 445, 478, 482, 492, 504, 507, 513, 531, 545, 549,563, 564, 575 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ.വി.ഡി.സതീശൻ:** 331, 522, 528, 570, 571, 577 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. എം.വി.ജയരാജൻ:** 335, 393, 600 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:** 394-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. ടി.പി.രാമകൃഷ്ണൻ:** 396-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. രാജു എബ്രഹാം**: 397, 432 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. വി.കെ.ചന്ദ്രൻ:** 398-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. ടി.കെ.ബാലൻ:** 399-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ.എ.സുജനപാൽ:** 400-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. വി.ചെന്താമരാക്ഷൻ:** 412, 426, 446, 447, 456, 460, 494, 599, 609, 610, 618, 620 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. ടി.കെ.ദേവകുമാർ**: 413, 496, 601 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ.പി.സതീശ്ചന്ദ്രൻ:** 414, 497 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. കെ.കെ.ജയചന്ദ്രൻ:** 424, 425 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. സാജുപോൾ**: 433-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. പി.ടി.തോമസ്**: 487, 488, 546 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**ശ്രീ. പി.ജെ.ജോയി**: 534-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:** 537, 556 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

**പ്രൊഫ. സാവിത്രി ലക്ഷ്മണൻ:** 540-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(ശ്രീ.കെ.എം.മാണി)

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി)**: വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കുകയെന്നുള്ളത് ബില്ലിന്റെ സ്പിരിറ്റിന് എതിരാണ്. 623-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 623-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റു ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**9-ാം വകുപ്പ്**

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെഭാഗമായി.

**ഒന്നാം വകുപ്പും പീഠികയും പേരും**

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):** താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു.

**(95)** In the Preamble, for the words "Fiftythird", the words "Fiftyfourth" shall be substituted.

(96) In subclause (1) of clause 1, for the figures "2002" the figures "2003" shall be substituted.

**ശ്രീ. കെ.പി. മോഹനൻ** 100-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**ശ്രീ. എം.വി. ജയരാജൻ** 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി):** 95-ഉം 96-ഉം നമ്പർ ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 95, 96 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>**: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ)</u>**: പ്രമേയത്തെ പിന്താങ്ങുന്നു.

**<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>**: ഫീസിനത്തിൽ എത്ര രൂപയാണ് വർദ്ധനവ് ഉണ്ടാകുന്ന തെന്ന് പറയാൻ ഗവൺമെന്റ് തയ്യാറാകാത്തതുതന്നെ ഗവൺമെന്റിന് അക്കാര്യത്തിൽ ഒരു ധാരണയില്ല എന്നുള്ളതാണ് വെളിവാക്കുന്നത്. വ്യവഹാരസലയും കോർട്ടുഫീസും വർദ്ധിപ്പിച്ചുകൊണ്ടുള്ള ബിൽ പാസ്സായാൽ സാധാരണക്കാർക്ക് കോടതിയെ ഒരു കാര്യത്തിലും സമീപിക്കാൻ പറ്റാത്ത അവസ്ഥയുണ്ടാകും.

**<u>ശ്രീ. കെ.പി. രാജേന്ദ്രൻ:</u>** ഭരണഘടനയിൽ പറയുന്ന, എല്ലാവർക്കും കിട്ടേണ്ട മൗലികാവകാശവും പരിരക്ഷയും നിഷേധിക്കലാണ് ഈ നിയമം പാസ്സാകുന്നതിലൂടെ ഉണ്ടാകുന്നത്. സാധാരണക്കാർക്കുവേണ്ടിയുള്ള ഒരു ഭേദഗതി പോലും അംഗീകരിക്കാതെ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേല്പിച്ച ഏകപക്ഷീയമായ നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

**<u>ശ്രീ. സി.കെ. നാണു:</u>** ഈ നിയമം പാസ്സായാൽ പാവപ്പെട്ട ജനങ്ങൾക്ക് അമിതമായ ഫീസ് വർദ്ധനവുമൂലം നീതി നിഷേധിക്കപ്പെടും.

**<u>ശ്രീ. പി.സി. ജോർജ്:</u>** നിയമ വകുപ്പുമന്ത്രി പറഞ്ഞ രീതിയിലാണ് സർക്കാരിന്റെ സമീപനമെങ്കിൽ ജുഡീഷ്യറി ഇനി ലെജിസ്ലേച്ചറിനെ ഭരിക്കുന്ന സ്ഥിതിയുണ്ടാകും. നിയമ നിർമ്മാണം നടത്തുന്നത് നിയമസഭയാണ്. നിയമനിർമ്മാണത്തെക്കുറിച്ച് കോടതിയുമായി ആലോചിക്കുന്നത് ശരിയല്ല.

**റവന്യൂവും നിയമവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>**: സർക്കാർ ഉത്തമ വിശ്വാസത്തോടുകൂടി കൊണ്ടുവന്ന ഒരു ബില്ലാണിത്. ജനങ്ങളുടെമേൽ അമിതഭാരമൊന്നും അടിച്ചേല്പിച്ചിട്ടില്ല. ന്യായമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഈ ബിൽ പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2002-ലെ കേരള കോർട്ട്ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 27-നെതിരെ 59 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 1.45-ന് പിരിഞ്ഞു.